പഠനം

റാശിദുൽ ഗന്നൂശി

സ്ത്രീ: ഖുർആനിലും മുസ്‌ലിം ജീവിതത്തിലും – 4

# മർയമിന്റെ പ്രവാചകത്വം, സ്ത്രീകളുടെ പ്രവാചകത്വം

**ഇനിയൊരു പ്രവാചകൻ പുരുഷന്മാരിൽനിന്നോ സ്ത്രീകളിൽനിന്നോ വരാനില്ല എന്നത് തർക്കമറ്റ കാര്യം തന്നെയാണ്. പക്ഷേ, ഈ തർക്കം സ്ത്രീകളുടെ സാമൂഹിക ധർമത്തെ പാർശ്വവൽക്കരിച്ചു കളഞ്ഞു എന്നത് കാണാതിരുന്നുകൂടാ. സ്ത്രീ പ്രകൃത്യാ ഈ മഹത്വത്തിനും ആദരവിനും അർഹയല്ല എന്നാണല്ലോ ആണയിട്ടു പറയുന്നത്.**

**ധാരാളം** പണ്ഡിതന്മാരുടെ ചിന്തകൾ ഈ വിഷയത്തിൽ വ്യാപൃതമായിട്ടുണ്ട്. അങ്ങനെ സ്ത്രീകൾക്ക് പ്രവാചകത്വം ലഭിച്ചെന്നും ലഭിച്ചില്ലെന്നും വാദിക്കുന്നവരുടെ രണ്ട് ചേരികൾ രൂപപ്പെട്ടു. സ്ത്രീകളുടെ പ്രവാചകത്വം നിഷേധിക്കുന്നവർ (അവർ ഇമാം ഖുർത്വുബി പറഞ്ഞതുപോലെ ന്യൂനപക്ഷമായിരുന്നിട്ടും), എന്തു കൊണ്ട് സ്ത്രീകൾ ഈ സ്ഥാനത്തിന് അർഹരല്ല എന്ന് വളരെ കൂടുതൽ ഉപന്യസിച്ചിട്ടുണ്ട്. പുരുഷന്മാർക്ക് ശ്രേഷ്ഠകരമായതെന്തോ അത് സ്ത്രീകളുടെ കാര്യത്തിൽ തിന്മയാണെന്ന് തോന്നും ഈ വാദമുഖങ്ങൾ കണ്ടാൽ. അങ്ങനെ ചിലർ പരസ്യമായി പറയുകയും ചെയ്തിട്ടുണ്ട്.[1] സ്ത്രീയാകട്ടെ പുരുഷനാകട്ടെ, ഇരുകൂട്ടരും തുല്യരാണ് എന്നതാണ് അടിസ്ഥാന പ്രമാണം. ഈ പ്രമാണം കൈവിടണമെങ്കിൽ അപ്പുറത്ത് ഖണ്ഡിതമായ തെളിവുകൾ വേണം. എന്നാൽ സ്ത്രീ പ്രവാചകത്വ നിഷേധികൾ ഉയർത്തിക്കാട്ടുന്നതാവട്ടെ, ഖുർആനിൽ വ്യാഖ്യാന സാധ്യതകളുള്ള പരാമർശങ്ങൾക്ക് (മുതശാബിഹ്) അവർ തന്നെ നൽകിയ വ്യാഖ്യാനങ്ങളും!

തെളിവായി അവർ ഖുർആനിൽനിന്ന് ഉദ്ധരിക്കുന്നു: “പ്രവാചകരേ, താങ്കൾക്ക് മുമ്പും നാം അയച്ച പ്രവാചകന്മാരൊക്കെയും ‘രിജാൽ’ തന്നെയായിരുന്നു. അവരവരുടെ പട്ടണങ്ങളിൽ വസിക്കുന്നവരുമായിരുന്നു; നാം അവർക്ക് ദിവ്യസന്ദേശമയച്ചുകൊണ്ടിരുന്നു” (*യൂസുഫ്* 109). അവരുടെ അർഥകൽപന പ്രകാരം, രിജാൽ എന്നാൽ പുരുഷന്മാർ. രണ്ടാമത്തെ തെളിവ്: “അദ്ദേഹ(ഈസ)ത്തിന്റെ മാതാവ് (മർയം) സത്യവതിയായിരുന്നു” (*അൽ മാഇദ* 75).

ഇമാം റാസി തന്റെ ഖുർആൻ വ്യാഖ്യാന കൃതിയിൽ എഴുതുന്നു: “മർയം പ്രവാചകന്മാരിലൊരാളായിരുന്നില്ല. കാരണം അല്ലാഹു ഇങ്ങനെ പറഞ്ഞിരിക്കുന്നു. “താങ്കൾക്ക് മുമ്പ് നാം അയച്ച പ്രവാചകന്മാരൊക്കെ രിജാൽ(പുരുഷന്മാർ)ആയിരുന്നു.” എങ്കിൽ ജിബ്‌രീലിനെ

മർയമിന്റെ അടുത്തേക്ക് നിയോഗിച്ചിട്ടുണ്ടാവുക മർയമിനെ ആദരിക്കാനോ ഈസാ വരുന്നുണ്ടെന്നതിന് സൂചനയായിട്ടോ സകരിയ്യാ പ്രവാചകന് ഒരു അമാനുഷ ദൃഷ്ടാന്തം എന്ന നിലക്കോ ആയിരിക്കും. മർയമിൽ ഒരു ആത്മാവിനെ ഊതി സന്നിവേശിപ്പിക്കാനും മൂസായുടെ മാതാവിന് നൽകിയതു പോലെ ചില ദൈവിക നിർദേശങ്ങൾ കൈമാറുന്നതിനും വേണ്ടിയായിരുന്നു ജിബ്‌രീലിന്റെ ആഗമനം എന്ന് പറയുന്നവരും ഉണ്ട്.[2]

സ്ത്രീകളിൽനിന്ന് ഒരാളും പ്രവാചകനായിട്ടില്ലെന്നും ഖുർആനും സുന്നത്തും അത് സാക്ഷ്യപ്പെടുത്തുന്നുണ്ടെന്നുമുള്ള കാര്യത്തിൽ ഖാദി അബൂയഅ്‌ല, അബുൽ മആലി ഉൾപ്പെടെയുള്ള പണ്ഡിതന്മാർ അഭിപ്രായ സമന്വയത്തിൽ (ഇജ്മാഅ്) എത്തിയതായി ഇബ്‌നു തൈമിയ്യ രേഖപ്പെടുത്തുന്നു. ഖുർആനിൽ നിന്നുള്ള തെളിവുകൾ: "താങ്കൾക്ക് മുമ്പും നാം അയച്ച പ്രവാചകന്മാരൊക്കെയും 'രിജാൽ' തന്നെയായിരുന്നു", "മർയമിന്റെ പുത്രൻ മസീഹ് ഒരു ദൈവദൂതനല്ലാതെ മറ്റാരുമായിരുന്നില്ല. അദ്ദേഹത്തിന് മുമ്പും നിരവധി ദൈവദൂതന്മാർ കഴിഞ്ഞു പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയായ ഒരു സ്ത്രീയായിരുന്നു" എന്നീ സൂക്തങ്ങൾ. 'സത്യവതിയാവുക' (സ്വിദ്ദീഖിയ്യത്ത്) എന്നതാണ് അദ്ദേഹത്തിന്റെ മാതാവിന് എത്തിച്ചേരാവുന്ന പരമാവധി ശ്രേഷ്ഠത എന്നർഥം.[3]

സ്ത്രീകളിൽനിന്ന് പ്രവാചകന്മാരുണ്ടായിട്ടില്ല എന്ന് വാദിക്കുന്നവർ ബോധിക്കുന്ന തെളിവുകളൊന്നും കൊണ്ടുവരുന്നില്ല എന്നാണ് വ്യക്തമാവുന്നത്. തെളിവായി ഉദ്ധരിക്കപ്പെട്ട ഖുർആനിക സൂക്തത്തിലെ 'രിജാൽ' എന്ന വാക്കിന് മിക്ക ഖുർആൻ വ്യാഖ്യാതാക്കളും അർഥം നൽകിയിരിക്കുന്നത് മനുഷ്യർ/മനുഷ്യവർഗം എന്നൊക്കെയാണ്. അത് പുരുഷവർഗത്തെ കുറിക്കുന്ന ഒരു പ്രയോഗമല്ല തന്നെ.

ഇനി *അത്തഹ്‌രീറു വത്തൻവീർ* എന്ന കൃതിയുടെ കർത്താവ് എഴുതുന്നത് കാണുക: ''കുലത്തെ കുറിക്കുന്ന വാക്കാണ് ഇവിടെ *രിജാൽ*. മനുഷ്യർ എന്ന പൊതു അർഥമാണ് അതിനുള്ളത്. 'ഏകാന്തതയിൽ അല്ലാഹുവിനെ സ്മരിച്ച ഒരാൾ' (റജുലുൻ ദകറല്ലാഹ ഖാലിയൻ) എന്ന് ഒരു നബി വചനത്തിൽ വന്നിട്ടുണ്ടല്ലോ. അവിടെ 'ഒരു മനുഷ്യൻ'

**പൂർണതകൊണ്ട് ഉദ്ദേശിക്കുന്നത് പ്രവാചകത്വമാണെന്നും അതിനാൽ മർയമും ആസിയയും പ്രവാചകന്മാരാണെന്നുമാണ് ഖുർത്വുബി സമർഥിക്കുന്നത്.**

എന്നേ അർഥമുള്ളൂ. സ്ത്രീകളെ ഒഴിച്ചു നിർത്തി പുരുഷന്മാരെപ്പറ്റി മാത്രം പറയുകയല്ല ഇവിടെയൊന്നും ചെയ്തിട്ടുള്ളത്. 'അവരവരുടെ പട്ടണങ്ങളിൽ വസിക്കുന്നവരായിരുന്നു' എന്ന വാക്യവും സ്ത്രീകളെ മാറ്റിനിർത്താൻവേണ്ടി പറഞ്ഞതല്ല. മുഹമ്മദ് നബിയും അദ്ദേഹത്തിന് മുമ്പ് ദിവ്യസന്ദേശം നൽകപ്പെട്ട പ്രവാചകന്മാരും തമ്മിലുള്ള സാദൃശ്യം വ്യക്തമാക്കാൻ വേണ്ടിയാണ് ഈ വിവരണം. 'ആദികാല ദൈവദൂതന്മാരോടൊപ്പം അയക്കപ്പെട്ടത് പോലുള്ള ഒരു ദൃഷ്ടാന്തം ഇയാളും കൊണ്ടുവരട്ടെ' (*അൽ അമ്പിയാഅ്* 5), 'മൂസാക്ക് നൽകപ്പെട്ടത് ഇദ്ദേഹത്തിന് നൽകപ്പെടാത്തതെന്ത്?' (*അൽ ഖസ്വസ്* 48) എന്നൊക്കെയായിരുന്നല്ലോ അവരുടെ ചോദ്യങ്ങൾ. അതായത് മുഹമ്മദ് ഒരു പുതിയ ഇനം പ്രവാചകനൊന്നുമല്ല എന്നിരിക്കെ, പിന്നെ എന്തിനാണ് പ്രതിയോഗികൾ അദ്ദേഹത്തെ കളവാക്കാൻ ഇത്ര തത്രപ്പെടുന്നത് എന്ന് ചോദിക്കുകയാണ്. 'പ്രവാചകന്മാരായി 'രിജാലി'നെ അല്ലാതെ അയച്ചിട്ടില്ല. അവർ അവരവരുടെ പട്ടണങ്ങളിൽ വസിക്കുന്നവരായിരുന്നു' എന്നു പറയുമ്പോൾ അർഥമാക്കുന്നത് പ്രവാചകന്മാർ മലക്കുകളോ മഹാ നഗരങ്ങളിലെ രാജാക്കന്മാരോ ഒന്നും ആയിരുന്നില്ല എന്നു മാത്രമാണ്. പട്ടണത്തിൽ താമസിച്ചിരുന്ന ഖാലിദ്ബ്‌നു സിനാനോ ഗ്രാമത്തിൽ താമസിച്ചിരുന്ന യഅ്ഖൂബോ(അ) പ്രവാചകനായി വരുന്നതിൽ ഈ സൂക്തം തടസ്സവാദം ഉന്നയിക്കുന്നുമില്ല."[4]

"മലക്കുകൾ പറഞ്ഞതോർക്കുക: മർയം, അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്നു. വിശുദ്ധയും ലോകത്തിലെ മറ്റേത് സ്ത്രീകളെക്കാളും വിശിഷ്ടയുമാക്കിയിരിക്കുന്നു" (*ആലുഇംറാൻ* 42) എന്ന സൂക്തത്തെ ഇബ്‌നു ആശൂർ വിശദീകരിക്കുന്നത് ഇങ്ങനെയാണ്: "ഇവിടെ രണ്ടുതരം തെരഞ്ഞെടുപ്പ് ഉണ്ട്. ഒന്ന് മർയം സ്വയം തെരഞ്ഞെടുക്കുന്ന വ്യക്തിപരമായ ജീവിത ശൈലിയാണ്. അതാണ് അവളെ സംസ്കൃതയും പാപമുക്തയും ആക്കുന്നത്. ഏതു കാലത്തെയും മറ്റുള്ള ഏത് സ്ത്രീകളെക്കാളും ശ്രേഷ്ഠത നൽകി തെരഞ്ഞെടുത്തു എന്നതാണ് രണ്ടാമത്തെ വശം. മലക്കുകൾ സംസാരിച്ചു എന്നതും പ്രത്യേകം തെരഞ്ഞെടുത്തു എന്നതും മർയമിന്റെ പ്രവാചകത്വത്തിന് (നുബുവ്വത്ത്) തെളിവാകും. പക്ഷേ ഇവിടത്തെ പ്രവാചകത്വം സന്ദേശ സംഹിത (രിസാലത്ത്) ഇല്ലാത്ത ഒന്നായിരിക്കും."[5]

ഹവ്വ മുതൽ അന്ത്യനാൾ വരെയുള്ള മുഴുവൻ സ്ത്രീകളെക്കാളും ശ്രേഷ്ഠയാണ് മർയമെന്ന് ഖുർആനും നബിവചനങ്ങളും സാക്ഷ്യപ്പെടുത്തുന്നുണ്ടെന്ന് ഇമാം ഖുർത്വുബി എഴുതിയിട്ടുണ്ട്. ചുമതലപ്പെടുത്തുക(തക്‌ലീഫ്), വിവരമറിയിക്കുക, സന്തോഷവൃത്താന്തം നൽകുക എന്നീ കാര്യങ്ങളാണ് അല്ലാഹുവിന്റെ ദിവ്യബോധനം പ്രവാചകന്മാർക്ക് കൈമാറുന്നതിലൂടെ മലക്കുകൾ നിർവഹിക്കുന്നതെന്നും അതൊക്കെ മർയമിന്റെ കാര്യത്തിലും സംഭവിച്ചിട്ടുണ്ടെന്നും അതിനാൽ മർയം പ്രവാചക(നബിയ്യത്) ആണെന്നും അദ്ദേഹം തുടർന്ന് പറയുന്നു. മറ്റൊരു സ്ത്രീയും നേടിയിട്ടില്ലാത്ത ശ്രേഷ്ഠസ്ഥാനം മർയം നേടിയതുകൊണ്ട് തന്നെയാണ് അല്ലാഹു ആ മഹതിയെ പ്രത്യേകമായി ഉയർത്തിക്കാട്ടുന്നത്. തന്റെ രക്ഷിതാവിന്റെ വചനങ്ങൾ സത്യമെന്ന് അവൾ ഉറച്ച് വിശ്വസിച്ചു. അതുകൊണ്ടാണ് സത്യവതി(സ്വിദ്ദീഖ) എന്ന വിശേഷണം ഖുർആൻ നൽകുന്നത്. താൻ വൃദ്ധനും ഭാര്യ വന്ധ്യയും ആണെല്ലോ, പിന്നെ തനിക്ക് എങ്ങനെ കുഞ്ഞുണ്ടാകാൻ എന്ന് ആശ്ചര്യപ്പെടുന്ന സകരിയ്യാ പ്രവാചകൻ അത് സംഭവിക്കുമെന്നതിന് തെളിവായി ഒരു ദൃഷ്ടാന്തം കാണിച്ച് തരാൻകൂടി ആവശ്യപ്പെടുന്നുണ്ട് (*ആലുഇംറാൻ* 40,41). എന്നാൽ കന്യകയായ മർയമാകട്ടെ, തനിക്കൊരു കുഞ്ഞ് ജനിക്കാൻ പോകുന്നു എന്ന ദിവ്യവെളിപാട് ലഭിച്ചപ്പോൾ അതപ്പടി സത്യപ്പെടുത്തുക മാത്രമാണ് ചെയ്തത്. അത് സംഭവിക്കുമെന്നതിന് ഒരു ദൃഷ്ടാന്തം കാണിച്ചു തരാൻ അവൾ ആവശ്യപ്പെടുന്നില്ല. അതുകൊണ്ടാണ് പ്രവാചകന്മാർക്കൊപ്പമായിരിക്കും മർയമിന്റെ സ്വർഗപ്രവേശം എന്ന് ഒരു നബിവചനത്തിൽ വന്നിട്ടുള്ളത്. ''പുരുഷന്മാരിൽ ധാരാളം പേർ പൂർണത നേടി. സ്ത്രീകളിൽനിന്ന് ഇംറാന്റെ പുത്രി മർയമും

> **ചുമതലപ്പെടുത്തുക(തക്‌ലീഫ്), വിവരമറിയിക്കുക, സന്തോഷവൃത്താന്തം നൽകുക എന്നീ കാര്യങ്ങളാണ് അല്ലാഹുവിന്റെ ദിവ്യബോധനം പ്രവാചകന്മാർക്ക് കൈമാറുന്നതിലൂടെ മലക്കുകൾ നിർവഹിക്കുന്നതെന്നും അതൊക്കെ മർയമിന്റെ കാര്യത്തിലും സംഭവിച്ചിട്ടുണ്ടെന്നും അതിനാൽ മർയം പ്രവാചക(നബിയ്യത്) ആണെന്നും അദ്ദേഹം പറയുന്നു.**

ഫറോവയുടെ പത്നി ആസിയയുമല്ലാതെ മറ്റാരും പൂർണത നേടിയില്ല" എന്നർഥമുള്ള മറ്റൊരു നബിവചനവും വന്നിട്ടുണ്ട്. പൂർണതകൊണ്ട് ഉദ്ദേശിക്കുന്നത് പ്രവാചകത്വമാണെന്നും അതിനാൽ മർയമും ആസിയയും പ്രവാചകന്മാരാണെന്നുമാണ് ഖുർത്വുബി സമർഥിക്കുന്നത്.[6]

ഈ വിഷയം ആഴത്തിൽ അപഗ്രഥിച്ച ഇസ്‌ലാമിക ചരിത്രത്തിലെ മറ്റൊരു പണ്ഡിത പ്രതിഭയാണ് അബൂമുഹമ്മദ് ഇബ്നു ഹസം. *അൽ ഫസ്വ്‌ലു ഫിൽ മിലലി വൽ അഹ്‌വാഅ് വന്നിഹൽ* എന്ന തന്റെ കൃതിയിൽ 'സ്ത്രീകളുടെ പ്രവാചകത്വം' എന്ന ഒരു അധ്യായം തന്നെ അദ്ദേഹം എഴുതിച്ചേർത്തിട്ടുണ്ട്. ആ അധ്യായത്തിന്റെ സംഗ്രഹം ഇവിടെ കൊടുക്കാം. കൊർഡോവയിൽ മാത്രമാണ് ഈ വിഷയം വലിയ തർക്കത്തിന് ഇടയാക്കിയതെന്നും മറ്റു ഇസ്‌ലാമിക നഗരങ്ങളിൽ ഇതുപോലെ തീക്ഷ്ണമായ തർക്കം നടക്കുന്നില്ലെന്നും അധ്യായത്തിന്റെ ആമുഖത്തിൽ രേഖപ്പെടുത്തുന്നു. പിന്നെ അദ്ദേഹം നുബുവ്വത്ത്(പ്രവാചകത്വം) എന്ന അറബി പദത്തിന്റെ വിവക്ഷ എന്തെന്ന് പരിശോധിക്കുന്നു. ഇൻബാഅ്(അറിയിക്കൽ) എന്ന പദത്തിൽനിന്നാണ് അത് ഉണ്ടായിരിക്കുന്നത്. ഒരു സംഭവം ഉണ്ടാകുന്നതിനു മുമ്പ് അത് സംഭവിക്കുമെന്ന് ഒരാളെ അല്ലാഹു വഹ്‌യ് (ദിവ്യബോധനം) മുഖേന അറിയിക്കുകയാണെങ്കിൽ ആ വ്യക്തി പ്രവാചകനാണ്, സംശയമില്ല. 'തേനീച്ചക്ക് ബോധനം നൽകി' പോലുള്ള തീർത്തും പ്രകൃതിപരമായ കാര്യങ്ങളെക്കുറിച്ച പരാമർശങ്ങളിൽ ഉൾപ്പെടുന്നതല്ല ഇത്. ഒരു പ്രത്യേക ലക്ഷ്യത്തോടെ ഒരാൾക്ക് ദിവ്യബോധനം നൽകുന്നതിനേ 'നുബുവ്വത്ത്' എന്ന് പറയുകയുള്ളൂ. മലക്കുകൾ മുഖേനയോ അല്ലാഹു നേരിട്ട് തന്നെയോ ഈ ദിവ്യബോധനം നൽകാം. ഇതൊന്നുമല്ല നുബുവ്വത്ത് എന്നാണ് ഒരാളുടെ വാദമെങ്കിൽ, എങ്കിൽ പിന്നെ അതെന്താണെന്ന് അയാൾ നിർവചിച്ചു തരണം.

തന്റെ കുഞ്ഞിനെ പുഴയിലൊഴുക്കാൻ മൂസായുടെ മാതാവിന് അല്ലാഹു ദിവ്യബോധനം നൽകി. മകനെ അറുക്കാൻ സ്വപ്ന ദർശനത്തിലൂടെ അല്ലാഹു ഇബ്റാഹീം നബിക്ക് നൽകിയ വഹ്‌യിന് തുല്യമാണ് ഇതും. മർയമിനും ഇസ്ഹാഖ് നബിയുടെ മാതാവിനും ഇതുപോലെ ദിവ്യബോധനങ്ങൾ നൽകിയിട്ടുണ്ട്. ഇതൊക്കെയും പ്രവാചകത്വത്തിനുള്ള സാക്ഷ്യങ്ങളാണ്. മർയം അധ്യായത്തിന്റെ തുടക്കത്തിൽ പ്രവാചകന്മാരുടെയും മർയമിന്റെയും കഥകളാണ് വിവരിക്കുന്നത്. വിവരണം കഴിഞ്ഞ ശേഷം "ഇവരത്രെ അല്ലാഹു അനുഗ്രഹിച്ച പ്രവാചകന്മാർ, ആദമിന്റെ സന്തതികളിൽനിന്ന്, നാം നൂഹിനോടൊപ്പം കപ്പലിൽ വഹിച്ചവരിൽനിന്ന്......" (*മർയം* 58) എന്ന് പറയുന്നു. മർയമിനെയും പ്രവാചകന്മാരിൽ ഉൾപ്പെടുത്തിയാണ് ഇവിടെ പറഞ്ഞിരിക്കുന്നതെന്ന കാര്യം ശ്രദ്ധിക്കുക.

മർയമിനെ 'സത്യവതി' (സ്വിദ്ദീഖ) എന്നാണല്ലോ ഖുർആൻ വിശേഷിപ്പിച്ചത്. അതുകൊണ്ട് പ്രവാചക(നബിയ്യത്) അല്ല എന്നാണ് വാദമെങ്കിൽ ഇതേ പ്രയോഗം യൂസുഫ് നബിയെക്കുറിച്ചും വന്നിട്ടുണ്ടെന്ന് മനസ്സിലാക്കണം. "യൂസുഫേ, തികഞ്ഞ സത്യസന്ധാ (സ്വിദ്ദീഖ്)" (*യൂസുഫ്* 46) എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. സ്വിദ്ദീഖ് ആയിരുന്നതോടൊപ്പം യൂസുഫ് പ്രവാചകനും ആയിരുന്നല്ലോ. ഇതൊക്കെയാണ് പ്രത്യക്ഷത്തിൽ മനസ്സിലാവുന്ന കാര്യങ്ങൾ.[7]

*** *** ***

മുഹമ്മദ് നബിയുടെ ആഗമനത്തോടെ പ്രവാചകത്വ പരമ്പര അവസാനിച്ചുവല്ലോ, ഇനിയും ഈ പ്രശ്നം ചർച്ച ചെയ്തിട്ട് ആർക്ക് എന്തു കിട്ടാനാണ്? സമയവും ശേഷിയും നഷ്ടപ്പെടുത്താമെന്നല്ലാതെ അതുകൊണ്ട് എന്ത്കാര്യം? ഇസ്‌ലാമിസ്റ്റുകൾ ഈ വിഷയം ചർച്ചക്കെടുക്കാതിരിക്കുന്നതും അതുകൊണ്ട് തന്നെയല്ലേ? പ്രത്യക്ഷത്തിൽ ഈ ചോദ്യങ്ങൾ ന്യായമല്ലേ എന്ന് തോന്നാം. പക്ഷേ, യാഥാർഥ്യം മറ്റൊന്നാണ്. നമ്മുടെ പാരമ്പര്യ (ഭൂതകാലത്തിന്റെ ഉൽപന്നം എന്ന അർഥത്തിൽ) ത്തെ നിശിതമായി വിചാരണ ചെയ്തും വിലയിരുത്തിയും കൊണ്ടല്ലാതെ സംഭവലോകത്ത് നമുക്ക് ക്രിയാത്മകമായ യാതൊരു കുതിപ്പും സാധ്യമല്ല എന്നതാണ് വസ്തുത. പാരമ്പര്യത്തിൽ കാണുന്ന ചിന്താധാരകളിൽ ഏത് ഇസ്‌ലാമിക യാഥാർഥ്യത്തെ പ്രതിനിധീകരിക്കുന്നു എന്നു കണ്ടെത്തുകയും അതിനെ വിപ്ലവ പ്രക്രിയയുടെ ഇന്ധനമാക്കുകയുമാണ് വേണ്ടത്. പിന്നാക്കാവസ്ഥക്കും അധഃപതനത്തിനും വഴിവെച്ച ചിന്താധാരകളെ കണ്ടെത്തി അവയെ നിരായുധമാക്കാനും ദുർബലമാക്കാനും കഴിയേണ്ടതുമുണ്ട്. ഇങ്ങനെയൊരു നിശിതമായ നിരൂപണത്തിന്റെ അഭാവത്തിൽ ഇത്തരം ചിന്താധാരകളിൽ ചിലത് ഇസ്‌ലാമിക യാഥാർഥ്യമായി മനസ്സിലാക്കപ്പെടാനും അവ പരിശുദ്ധമെന്ന് ധരിക്കപ്പെടാനും സാധ്യതയുണ്ട്. അങ്ങനെ അവ ചിന്തകളെയും വികാരങ്ങളെയും അഭിരുചികളെയും സംഘടനകളെയും വഴിതിരിച്ചുവിടാൻ കെൽപ്പ് നേടുന്നു. ഇസ്‌ലാമിക യാഥാർഥ്യത്തെയും പാരമ്പര്യ യാഥാർഥ്യത്തെയും കൂട്ടിക്കലർത്തി ഇസ്‌ലാമിസ്റ്റുകൾ കൈകാര്യം ചെയ്ത ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന് സ്ത്രീപ്രശ്നമാണെന്ന് ഞാൻ കരുതുന്നു. പാരമ്പര്യ തഫ്സീർ-ഫിഖ്ഹ് രചനകളെ അവലംബിച്ചാണ് അവർ ഈവിഷയത്തിൽ ഇസ്‌ലാമിക നിലപാട് പ്രഖ്യാപിച്ചത്. നിരുപാധിക ഇസ്‌ലാമിക യാഥാർഥ്യത്തെ പ്രതിനിധീകരിക്കുന്നു എന്ന അർഥത്തിൽ ആ നിലപാടിനെ ഇസ്‌ലാമിന്റെ ഔദ്യോഗിക ഭാഷ്യമായി അവതരിപ്പിക്കുകയും ചെയ്തു. ഇത്തരം സന്ദർഭങ്ങളിലാണ് പാരമ്പര്യം വിപ്ലവത്തിനുള്ള രാസത്വരകമാവുന്നതിന് പകരം എല്ലാ മാറ്റങ്ങളെയും റദ്ദ് ചെയ്യുന്ന വഴിമുടക്കിയായി മാറുന്നത്.

ഒട്ടനവധി പ്രബോധകരുടെ ശ്രമങ്ങൾക്ക് ഫലശ്രുതി ഇല്ലാതെ പോകുന്നത് അതുകൊണ്ടാണ്. വർത്തമാനത്തിൽ ഭൂതത്തിന്റെ തുടർച്ച ഉറപ്പുവരുത്തുന്ന ഒന്നായി മാറിപ്പോകുന്നു അവരുടെ യത്നങ്ങൾ. ഒരു മാറ്റത്തിനും ഇടംകൊടുക്കാതെ ഭൂതകാലം നമ്മുടെ വർത്തമാന കാലത്ത് ഈവിധം കെട്ടുപിണഞ്ഞു കിടക്കുന്നതാണല്ലോ നമ്മുടെ വേദനകളുടെ മുഖ്യഹേതു.

ദുർബലരാക്കപ്പെട്ട പുരുഷന്മാർക്കും സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും നീതിയും സ്വാതന്ത്ര്യവും സമത്വവും നേടിക്കൊടുത്തു എന്നതാണ് ഇസ്‌ലാം തുറന്നുവിട്ട വിപ്ലവപ്രവാഹ

ത്തിന്റെ ഏറ്റവും മുഖ്യമായ വശം. ഏകാധിപത്യ, ഫ്യൂഡൽ ശക്തികൾ ഇവരെ അടിച്ചമർത്തി വെക്കുകയായിരുന്നു. രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും മറ്റുമായ മുഴുവൻ മേഖലകളിലും അവശരാക്കപ്പെട്ടവർക്ക് അവരുടെ സ്വാതന്ത്ര്യവും അവകാശങ്ങളും തിരിച്ചു നൽകപ്പെട്ടു. പിന്നെ നടന്നത് ഒരു പ്രതിവിപ്ലവമാണ്. സാമൂഹിക സങ്കുചിതത്വങ്ങളും രാഷ്ട്രീയ ഏകാധിപത്യവും വർണത്തിന്റെയും വംശത്തിന്റെയും ലിംഗത്തിന്റെയും പേരിലുള്ള വിവേചനങ്ങളും തിരിച്ചു വന്നു. അതും ഇസ്‌ലാമിന്റെ പേരിൽ, ഖുർആന്റെയും സുന്നത്തിന്റെയും ഇജ്മാഇന്റെയും പേരിൽ!

ഇസ്‌ലാമിന്റെ ചിന്താപരവും സാമൂഹികവുമായ വിപ്ലവസന്ദേശങ്ങളെ അരികിലേക്ക് ഒതുക്കി മാറ്റിയ ഒട്ടേറെ വാദകോലാഹലങ്ങൾ ഉയർന്നുവന്നത് ഈ പശ്ചാത്തലത്തിലാണ്. സ്ത്രീ പ്രവാചകത്വ പ്രശ്നവും ഇതിലൊന്നായി എണ്ണാം. ഇനിയൊരു പ്രവാചകൻ പുരുഷന്മാരിൽനിന്നോ സ്ത്രീകളിൽനിന്നോ വരാനില്ല എന്നത് തർക്കമറ്റ കാര്യം തന്നെയാണ്. പക്ഷേ, ഈ തർക്കം സ്ത്രീകളുടെ സാമൂഹിക ധർമത്തെ പാർശ്വവൽക്കരിച്ചുകളഞ്ഞു എന്നത് കാണാതിരുന്നുകൂടാ. സ്ത്രീ പ്രകൃത്യാ ഈ മഹത്വത്തിനും ആദരവിനും അർഹയല്ല എന്നാണല്ലോ ആണയിട്ടു പറയുന്നത്. എന്നാൽ ഈ ആണയിടലിന് ഖുർആനിൽനിന്നോ നബിചര്യയിൽനിന്നോ ഖണ്ഡിതമായ തെളിവുകൾ കൊണ്ടു വരുന്നുമില്ല. അതുകൊണ്ടാണ് പണ്ഡിതന്മാരുടെ അഭിപ്രായ സമന്വയം(ഇജ്മാഅ്) ഉണ്ട് എന്ന് വാദിച്ചു നോക്കുന്നത്. തെളിവുകൾ അവർക്ക് അനുകൂലമല്ല എന്നും നാം കണ്ടു. ഇമാം ഖുർത്വുബിയെപ്പോലുള്ള ധാരാളം പണ്ഡിതന്മാർ എതിരഭിപ്രായവും രേഖപ്പെടുത്തിയിട്ടുണ്ട്. ശരീഅത്ത് പുനരാഖ്യാനത്തിന്റെ അടിസ്ഥാനങ്ങളിലൊന്നായി ഇജ്മാഇനെ നാം താത്ത്വികമായി അംഗീകരിച്ചാൽ തന്നെ, ഏതെങ്കിലും വിഷയത്തിൽ യഥാർഥമായും ഇജ്മാഅ് ഉണ്ടായിട്ടുണ്ടോ എന്ന കാര്യവും നാം ആലോചിക്കേണ്ടിവരും. ■

(തുടരും)

**ഇസ്‌ലാമിക യാഥാർഥ്യത്തെയും പാരമ്പര്യ യാഥാർഥ്യത്തെയും കൂട്ടിക്കലർത്തി ഇസ്‌ലാമിസ്റ്റുകൾ കൈകാര്യം ചെയ്ത ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന് സ്ത്രീപ്രശ്നമാണെന്ന് ഞാൻ കരുതുന്നു. പാരമ്പര്യ തഫ്സീർ-ഫിഖ്ഹ് രചനകളെ അവലംബിച്ചാണ് അവർ ഈവിഷയത്തിൽ ഇസ്‌ലാമിക നിലപാട് പ്രഖ്യാപിച്ചത്. നിരുപാധിക ഇസ്‌ലാമിക യാഥാർഥ്യത്തെ പ്രതിനിധീകരിക്കുന്നു എന്ന അർഥത്തിൽ ആ നിലപാടിനെ ഇസ്‌ലാമിന്റെ ഔദ്യോഗിക ഭാഷ്യമായി അവതരിപ്പിക്കുകയും ചെയ്തു.**

### കുറിപ്പുകൾ

1. *ഇമാം അലി(റ)യിലേക്ക് ചേർത്തു പറയാറുള്ള ഒരു വാക്യം: "പുരുഷന്മാർക്ക് തിന്മയായ കാര്യങ്ങൾ സ്ത്രീകൾക്ക് നന്മയായ കാര്യങ്ങളാകുന്നു."*
2. *റാസിയുടെ തഫ്സീർ 7/43 (തെഹ്റാൻ പതിപ്പ്)*
3. *ശൈഖുൽ ഇസ്‌ലാം അഹ്മദ് ഇബ്നു തൈമിയയുടെ ഫത്വകൾ 4/396 (രിയാദ് എഡിഷൻ).*
4. *തഫ്സീറുത്തഹ്‌രീർ വത്തൻവീർ, ത്വാഹിർബ്നു അശൂർ, 13/68 (അദ്ദാറുത്തൂനിസിയ്യ ലിന്നശ്ർ)*
5. *Ibid 3/244*
6. *അൽ ജാമിഉ ലി അഹ്കാമിൽ ഖുർആൻ, 4/83-84*
7. *അൽ ഫസ്‌ലു ഫിൽ മിലലി വൽ അഹ്വാഅ് വന്നിഹൽ 3/17-19, (ദാറുൽ മഅ്രിഫ, ബൈറൂത്ത്)*